മലയാള മനോരമ

14 October 2023

# ‘സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും വേണ്ടി വിനിയോഗിക്കണം’




കൊച്ചിയിൽ അഗ്രികൾചർ സയൻസ് കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽ ഐസിഎആർ ഡയറക്ടർ ജനറൽ ഡോ. ഹിമാൻഷു പഥക് പ്രസംഗിക്കുന്നു.

**കൊച്ചിയിൽ അഗ്രികൾചറൽ സയൻസ് കോൺഗ്രസ് സമാപിച്ചു**

കൊച്ചി● കാർഷിക മേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിനു വേണ്ടി വിനിയോഗിക്കണമെന്ന് അഗ്രികൾചറൽ സയൻസ് കോൺഗ്രസിൽ ശുപാർശ.

മത്സ്യ-മൃഗസംരക്ഷണ രംഗത്ത് ഉപയോഗിക്കുന്ന തീറ്റ തദ്ദേശീയമായി വികസിപ്പിച്ചാൽ കൃഷിച്ചെലവു കുറയ്ക്കാം. ഉൽപന്നങ്ങളുടെ വിപണി ഉറപ്പുവരുത്താൻ റിസർച്-വ്യവസായ സ്ഥാപനങ്ങൾ സഹകരിച്ചുള്ള ഗവേഷണങ്ങൾ വേണമെന്നും നിർദേശമുയർന്നു.

ഡോ. ശ്യാം നാരായൺ ഝാ അധ്യക്ഷത വഹിച്ചു. ഡോ. സി. ആർ. മേത്ത, ഡോ. ആർ. ഭട്ട, ഡോ. ജോർജ് നൈനാൻ, ജയിംസ് പി. ജോർജ്, ഡോ. ഭരത്, ഡോ. സംഗീത ദാവർ, മുഹമ്മദ് സേട്ട്, ഡോ. ശ്യാം എസ്. സലിം എന്നിവർ പ്രസംഗിച്ചു.

ഭക്ഷ്യ-പോഷക ആവശ്യങ്ങൾ ഏറുന്ന സാഹചര്യത്തിൽ മത്സ്യോൽപാദനം കൂട്ടാൻ മാരികൾചർ പാർക്കുകൾ വരണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ ഡോ. സുരേഷ്കുമാർ മൊജാഡ നിർദേശിച്ചു.

കടൽ സസ്തനികളുടെ സംരക്ഷണം രാജ്യത്തിന്റെ സീഫുഡ് കയറ്റുമതിയിൽ നിർണായകമാണെന്നുകടൽ സസ്തനികളുടെ സംരക്ഷണം സംബന്ധിച്ച ഗവേഷണ പുരോഗതി വിലയിരുത്തുന്ന ശിൽപശാല ചൂണ്ടിക്കാട്ടി.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. ഇ. വിവേകാനന്ദൻ പറഞ്ഞു. ഫിഷറി സർവേ ഓഫ് ഇന്ത്യ സോണൽ ഡയറക്ടർ ഡോ. സിജോ വർഗീസ്, ഡോ. ജെ. ജയശങ്കർ, ഡോ. കെ. കെ. പ്രജിത്, പി. അനിൽകുമാർ, ഡോ. കെ. ആർ. ശ്രീനാഥ്, ഡോ. ഗ്രിൻസൻ ജോർജ്, ഡോ. ആർ. രതീഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

സയൻസ് കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽ ഐസിഎആർ ഡയറക്ടർ ജനറൽ ഡോ ഹിമാൻഷു പഥക് അധ്യക്ഷത വഹിച്ചു. നാസ് വൈസ് പ്രസിഡന്റ് ഡോ. കെ. എം. ബുജർബറുവ, ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, ഡോ. പഞ്ചാബ് സിങ്, നാസ് സെക്രട്ടറി ഡോ. ഡബ്ല്യു. എസ്. ലാക്ര, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. പ്രസംഗ മത്സരത്തിൽ വിജയിച്ച വിദ്യാർഥികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.